REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 01-07-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരം 'VB-G, RAM - G ഇന്ന് പ്രാബല്യത്തിലാകും.
- സംസ്ഥാന ബിരുദതല പ്രവേശനോത്സവം ഇന്ന്.
- മലബാർ മേഖലയിൽ പ്ലസ് വണ്ണിന് 120 ബാച്ചുകൾ കൂടി അനുവദിക്കാൻ മന്ത്രിസഭാ യോഗ തീരുമാനം.
- സംസ്ഥാനത്ത് അതിശക്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസർകോട് ജില്ലകളിലെ പ്രൊഫഷണൽ കോളേജ് ഉൾപ്പടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി.
- ഫിഫ ലോകകപ്പ് ഫുട്ബോളിൽ നോർവെയും, ഫ്രാൻസും പ്രീ ക്വാർട്ടറിൽ.

## വാർത്തകൾ വിശദമായി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമായി കേന്ദ്രഗവണ്മെന്റ് നടപ്പാക്കുന്ന വികസിത് ഭാരത് -ഗ്യാരണ്ടി - ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ 'VB-G, RAM - G ഇന്ന് പ്രാബല്യത്തിലാകും. എല്ലാ സാമ്പത്തിക വർഷവും 125 ദിവസത്തെ തൊഴിൽ വേതനം ഉറപ്പുനൽകുന്ന ഈ നിയമം ഗ്രാമീണ ഇന്ത്യയെ ശക്തിപ്പെടുത്തുമെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. പുതിയ നിയമം നടപ്പാക്കുന്നതിന് ഈ സാമ്പത്തിക വർഷം 95,692 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിയമപരമായ തൊഴിലുറപ്പ് കാലയളവ് നൂറ് ദിവസത്തിൽ നിന്ന് 125 ദിവസമായി ഉയർത്തുന്നു എന്നതാണ് പുതിയ നിയമത്തിന്റെ സവിശേഷത. നിശ്ചിത സമയത്തിനുള്ളിൽ ജോലി

നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം പുതിയ നിയമം ഉറപ്പുവരുത്തുന്നുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിലെ സേവാ തീർത്ഥിൽ വിവിധ മന്ത്രാലയങ്ങളിലെ സെക്രട്ടറിമാരുമായി സംവദിച്ചു. സംയോജിത ആസൂത്രണത്തിന്റെയും ഏകോപനത്തിന്റെയും പ്രാധാന്യത്തെകുറിച്ച് പ്രധാനമന്ത്രി യോഗത്തിൽ വിശദീകരിച്ചു.

മന്ത്രാലയങ്ങളും വകുപ്പുകളും സ്വീകരിക്കുന്ന പ്രധാന നടപടികൾ സെക്രട്ടറിമാർ വിശദീകരിച്ചു. പ്രധാനമന്ത്രിയുടെ ദർശനത്തെ പ്രായോഗിക ഫലങ്ങളാക്കി മാറ്റുന്നതിന് തുടർച്ചയായ ശ്രമങ്ങൾ ഉണ്ടാകുമെന്നും അവർ വ്യക്തമാക്കി. ഭരണവും സേവനവിതരണവും മെച്ചപ്പെടുത്തുന്നതിന് ഭാവി തന്ത്രങ്ങളുടെ രൂപരേഖ യോഗത്തിൽ തയാറാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി, ഇറാൻ പ്രസിഡണ്ട് ഡോ. മസൂദ് പെസഷ്സ്കിയാനുമായി ടെലഫോൺ സംഭാഷണം നടത്തി. പശ്ചിമേഷ്യയിലെ ഏറ്റവും പുതിയ സംഭവവികാസങ്ങളെക്കുറിച്ച് ഇറാൻ പ്രസിഡണ്ട് നരേന്ദ്രമോദിയോട് വിശദീകരിച്ചു. എല്ലാ പ്രശ്നങ്ങളും സംഭാഷണത്തിലൂടെയും, നയതന്ത്ര നീക്കങ്ങളിലൂടെയും പരിഹരിക്കണമെന്ന ഇന്ത്യയുടെ നിലപാട് പ്രധാനമന്ത്രി സംഭാഷണത്തിൽ ആവർത്തിച്ചു. മേഖലയിൽ ശാശ്വത സമാധാനവും, സ്ഥിരതയും ഉറപ്പാക്കണമെന്നും, കപ്പലുകളുടെ സുഗമ സഞ്ചാരവും, വാണിജ്യ സ്വാതന്ത്ര്യവും സംരക്ഷിക്കണമെന്നും നരേന്ദ്രമോദി ആവശ്യപ്പെട്ടു.

✪✪✪

ഇന്ന് മുതൽ രണ്ടാഴ്ചത്തേക്ക് പെട്രോൾ, ഡീസൽ, ഏവിയേഷൻ ടർബൈൻ ഇന്ധനം എന്നിവയുടെ കയറ്റുമതി ലെവി നിരക്കുകൾ കേന്ദ്രം പരിഷ്കരിച്ചു. പുതുക്കിയ നിരക്കുകൾ പ്രകാരം പെട്രോളിന്റെ കയറ്റുമതി ലെവി ലിറ്ററിന് നാല് രൂപയായി നിശ്ചയിച്ചതായി ധനകാര്യ മന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിൽ പറയുന്നു. ഡീസലിന്റെ ലെവി പതിനാലു രൂപയിൽ നിന്ന് എട്ട് രൂപ അമ്പത് പൈസയായി. ഏവിയേഷൻ ടർബൈൻ ഇന്ധനത്തിന്റെ കയറ്റുമതിയുടെ പ്രത്യേക അധിക എക്സൈസ് തീരുവ പന്ത്രണ്ട് രൂപ അമ്പത് പൈസയിൽ നിന്ന് ഏഴ് രൂപ അമ്പത് പൈസയായി കുറയ്ക്കുമെന്നും മന്ത്രാലയം അറിയിച്ചു.

ആഭ്യന്തര ഉപഭോഗത്തിന് അനുവദിച്ച പെട്രോളിന്റെയും ഡീസലിന്റെയും നിലവിലെ എക്സൈസ് തീരുവ നിരക്കുകളിൽ മാറ്റമില്ല.

✪✪✪

രാജ്യത്ത് പെട്രോളിൽ 20 ശതമാനം എഥനോൾ കലർത്തുന്ന E20 പദ്ധതി ഇപ്പോഴും പരീക്ഷണമാണെന്നും അടുത്ത വർഷത്തോടെയെ നയത്തിന്റെ സ്വാധീനം കൂടുതൽ വ്യക്തമാകൂ എന്ന പ്രചാരണം കേന്ദ്രഗവണ്മെന്റ് നിഷേധിച്ചു. റിപ്പോർട്ടുകൾ പൂർണ്ണമായും തെറ്റാണെന്ന് കേന്ദ്ര നിയമ-നീതിന്യായ മന്ത്രാലയം അറിയിച്ചു.

എഥനോൾ വിതരണവുമായി ബന്ധപ്പെട്ട് ഓയിൽ മാർക്കറ്റിംഗ് കമ്പനികൾ സമർപ്പിച്ച പ്രത്യേക ഹർജിയിലെ നടപടിക്രമങ്ങളിൽ അറ്റോർണി ജനറലൽ സുപ്രീംകോടതിൽ പറഞ്ഞത് ചില മാധ്യമങ്ങൾ തെറ്റായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

വ്യോമസേനാ ഉപമേധാവിയായി എയർമാർഷൽ അശുതോഷ് ദീക്ഷിത് ഇന്ന് ചുമതലയേൽക്കും. നിലവിലെ ഉപമേധാവി എയർമാർഷൽ നാഗേഷ് കപൂർ വിരമിക്കുന്ന ഒഴിവിലാണ് നിയമനം.

✪✪✪

16-ാം നിയമസഭാ രണ്ടാം സമ്മേളനം ഇന്ന് അവസാനിക്കും. കേന്ദ്രത്തിന്റെ FCRA ചട്ട ഭേദഗതിക്കെതിരെ സഭയിൽ ഗവണ്മെന്റ് ഇന്ന് പ്രമേയം കൊണ്ടുവരും. മുഖ്യമന്ത്രി വി ഡി സതീശനാണ് പ്രമേയം അവതരിപ്പിക്കുക.

✪✪✪

ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ബിരുദ പ്രവേശനോത്സവം 'ഫസ്റ്റ് ചാപ്റ്ററിന്റെ' സംസ്ഥാനതല പരിപാടി തിരുവനന്തപുരം വഴുതക്കാട് ഗവ. വിമൻസ് കോളേജിൽ രാവിലെ മന്ത്രി റോജി.M.ജോൺ ഉദ്ഘാടനം ചെയ്യും. മന്ത്രി C.P ജോൺ അദ്ധ്യക്ഷനാകും. പുതുതായി പ്രവേശിക്കുന്ന വിദ്യാർത്ഥികളെ ആത്മവിശ്വാസത്തോടെയും പ്രതീക്ഷയോടെയും അക്കാദമിക് ജീവിതത്തിലേക്ക് സ്വാഗതം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനതല പ്രവേശനോത്സവം സംഘടിപ്പിക്കുന്നത്.

✪✪✪

മലബാർ മേഖലയിലെ പ്ലസ് വൺ പ്രവേശന പ്രതിസന്ധി പരിഹരിക്കാൻ 120 ബാച്ചുകൾ കൂടി അനുവദിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. മലപ്പുറം 60, പാലക്കാട് 30, കോഴിക്കോട് 20, കാസർകോട് പത്ത് എന്നിങ്ങനെയാണ് ബാച്ചുകൾ. വയനാട്ടിലെ ആദിവാസി മേഖലയിലെ വിദ്യാർത്ഥികളുടെ പ്രവേശന പ്രശ്നങ്ങൾ പരിഹരിക്കാൻ മന്ത്രി N ഷംസിദ്ദീനെ മന്ത്രിസഭായോഗം ചുമതലപ്പെടുത്തി.

✪✪✪

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് ശനിയാഴ്ച വരെയും മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

കനത്ത മഴസാധ്യത കണക്കിലെടുത്ത് കണ്ണൂർ, കാസർകോട് ജില്ലകളിലെ പ്രൊഫഷണൽ കോളേജ് ഉൾപ്പടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി നൽകിയതായി കളക്ടർമാർ അറിയിച്ചു. റസിഡൻഷ്യൽ സ്കൂളുകൾക്ക് അവധി ബാധകമല്ല. മുൻകൂട്ടി നിശ്ചയിച്ച സർവകലാശാല,പൊതു പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും മാറ്റമുണ്ടായിരിക്കില്ല.

പുതുച്ചേരി സംസ്ഥാനത്തിന്റ ഭാഗമായ മാഹിയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയാണ്.

✪✪✪

ഇന്ന് ദേശീയ ഡോക്'ടേഴ്സ് ദിനം. ഡോക്ടർമാരെയും, അവർ സമൂഹത്തിന് നൽകിയ സംഭാവനകളെയും ആദരിക്കുകയാണ് ദിനാചരണ ലക്ഷ്യം. 'മുഖംമൂടിക്ക് പിന്നിൽ, ആരാണ് രോഗശാന്തിക്കാരെ സുഖപ്പെടുത്തുന്നത്' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

റെയിൽവേയുമായി ബന്ധപ്പെട്ട നിസ്സാര കാര്യങ്ങൾക്കു പോലും തീരുമാനമെടുക്കാൻ പാലക്കാട് ഡിവിഷൻ ഓഫീസുമായി ബന്ധപ്പെടേണ്ട അവസ്ഥയ്ക്ക് മാറ്റം വേണമെന്ന് K സുധാകരൻ M.P ആവശ്യപ്പെട്ടു. കണ്ണൂരിൽ 'ദിശ' യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

റെയിൽവേ പാളത്തിനരികിൽ താമസിക്കുന്നവർക്ക് നിർമ്മാണ പ്രവൃത്തി നടത്തണമെങ്കിൽ റെയിൽവേയുടെ എതിർപ്പില്ലാ രേഖ വേണം. എന്നാൽ പലപ്പോഴും ഇത് ലഭിക്കാൻ വൈകുന്ന അവസ്ഥയുണ്ടെന്നും MP പറഞ്ഞു. ഇതുൾപ്പെടെ നിസ്സാരകാര്യങ്ങൾ പോലും കണ്ണൂരിൽ തന്നെ തീരുമാനിക്കാൻ കഴിയുന്നില്ലെന്നും, ഇക്കാര്യത്തിൽ റെയിൽവേ ഉദ്യോഗസ്ഥർ തന്നെ പരിഹാരം കാണണമെന്നും K സുധാകരൻ ആവശ്യപ്പെട്ടു.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ നോർവെയും, ഫ്രാൻസും പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു. ഫ്രാൻസ് മറുപടിയില്ലാത്ത 3 ഗോളുകൾക്ക് സ്വീഡനെയും

നോർവേ ഒന്നിനെതിരെ രണ്ട് ഗോളിന് ഐവറി കോസ്റ്റിനെയും പരാജയപ്പെടുത്തി.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ....

.........വോയ്സ്.......

മെക്സിക്കോ - ഇക്വഡോർ മത്സരം അല്പസമയത്തിനകം ആരംഭിക്കും. രാത്രി ഒൻപതരയ്ക്ക് മറ്റൊരു മത്സരത്തിൽ ഇംഗ്ലണ്ട് - കോംഗോയെ നേരിടും.

✪✪✪

ലണ്ടനിലെ ഓവലിൽ ICC വനിതാ ട്വന്റി20 ലോകകപ്പിൽ ഓസ്ട്രേലിയ ഫൈനലിലെത്തി. വെസ്റ്റ് ഇൻഡീസിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഓസ്ട്രേലിയയുടെ വിജയം.

രണ്ടാം സെമിഫൈനലിൽ ഇന്ന് ഇംഗ്ലണ്ട്, ദക്ഷിണാഫ്രിക്കയെ നേരിടും. ഞായറാഴ്ച ലോർഡ്സിലാണ് ഫൈനൽ.

✪✪✪

അന്താരാഷ്ട്ര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇംഗ്ലണ്ടിൽ ഇന്ന് തുടക്കമാകും. അഞ്ച് മത്സര പരമ്പരയിൽ ഇന്ത്യയുടെ പുരുഷ ക്രിക്കറ്റ് ടീം, ആതിഥേയരായ ഇംഗ്ലണ്ടിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 10 ന് ചെസ്റ്റർ-ലെ-സ്ട്രീറ്റിലെ റിവർസൈഡ് ഗ്രൗണ്ടിലാണ് ഉദ്ഘാടന മത്സരം.

രണ്ടാം മത്സരം ശനിയാഴ്ച മാഞ്ചസ്റ്ററിലും, മൂന്നാം മത്സരം ഈ മാസം 7 ന് നോട്ടിംഗ്ഹാമിലും, നാലാം മത്സരം 9 ന് ബ്രിസ്റ്റലിലുമാണ്. ഈ മാസം 11 ന് സതാംപ്ടണിലാണ് അവസാന മത്സരം.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇന്നലെ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 75 പേർ അറസ്റ്റിലായി. 76 കേസുകൾ രജിസ്റ്റർ ചെയ്തു. ഇതുവരെ 5,210 കേസുകളാണ് രജിസ്റ്റർ ചെയ്തത്. ആകെ 5,579 പേർ അറസ്റ്റിലായി.

✪✪✪

കോഴിക്കോട്ട് നിപ ഭീതി ഒഴിഞ്ഞു. സമ്പർക്കപ്പട്ടികയിലെ എല്ലാവരും ക്വാറന്റൈൻ പൂർത്തിയാക്കിയതായി മന്ത്രി K.മുരളീധരൻ അറിയിച്ചു. രോഗിയുടെ ഒരാഴ്ചക്കുള്ളിലെ രണ്ടു സ്രവസാമ്പിളുകളും നെഗറ്റീവ് ആണ്. തുടർ ചികിത്സാനടപടികൾ മെഡിക്കൽ ബോർഡ് തീരുമാനിക്കും. നിപ രോഗ ബാധിതൻ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെന്റിലേറ്ററിൽ തുടരുകയാണ്.

രോഗം കൂടുതൽ പേരിലേക്ക് വ്യാപിക്കുന്നതിന് മുൻപ് കണ്ടെത്താൻ കഴിഞ്ഞതും കൃത്യതയോടെ സമ്പർക്കപ്പട്ടിക തയാറാക്കി നിരീക്ഷണം ഏർപ്പെടുത്തിയതുമാണ് രോഗവ്യാപനം തടയാൻ സഹായിച്ചതെന്നും മുരളീധരൻ പറഞ്ഞു. ഇതിനു പിന്നിൽ പ്രവർത്തിച്ച ജില്ലാ ഭരണകൂടം, ജില്ലയിലെ ആരോഗ്യ പ്രവർത്തകർ എന്നിവരെ മന്ത്രി അഭിനന്ദിച്ചു. 42 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രദേശത്തെ നിപ രഹിതമായി പ്രഖ്യാപിക്കാനാകുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് എട്ട് പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. കൊല്ലം, കണ്ണൂർ, പാലക്കാട് ജില്ലകളിൽ രണ്ട് വീതവും, തൃശൂരും, മലപ്പുറത്തും ഓരോർത്തുക്കുമാണ് രോഗം സ്ഥിരീകരിച്ചത്. സംസ്ഥാനത്ത് ജൂൺ മാസം 205 പേർക്ക് രോഗബാധയും 6 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വർഷം ഇതുവരെ 281 പേർക്ക് ഷിഗെല്ല സ്ഥിരീകരിച്ചു.

✪✪✪

മഴക്കാലത്ത് വ്യാപകമാകുന്ന ഡെങ്കിപ്പനി, വൈറൽ പനി, ചിക്കുൻഗുനിയ തുടങ്ങിയ വിവിധതരം പനികൾക്ക് സമയബന്ധിതമായ രോഗനിർണയവും ചികിത്സയും ഉറപ്പാക്കാൻ കോഴിക്കോട് ഗവ: ഹോമിയോപതി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രത്യേക O.P പ്രവർത്തനം ആരംഭിച്ചു. വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന O.P യിൽ രോഗലക്ഷണങ്ങൾ വിലയിരുത്തി ആവശ്യമായ ചികിത്സ നൽകുന്നതിനൊപ്പം രോഗനിർണയത്തിന് ലബോറട്ടറി പരിശോധനാ സൗകര്യങ്ങളും ലഭ്യമാണ്.

✪✪✪

കോഴിക്കോട് ജില്ലയിൽ മൂന്ന് ദിവസത്തിനിടെ ഒരു 85,171 കുട്ടികൾക്ക് പോളിയോ രോഗ പ്രതിരോധ തുള്ളിമരുന്ന് നൽകി. മൂന്നാം ദിനമായ ഇന്നലെ 8,830 കുട്ടികൾക്ക് കൂടി തുള്ളിമരുന്ന് നൽകി. ഇതിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ 137 കുട്ടികളും ഉൾപ്പെടും.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: സബിത കെ, ശരണ്യ രാജൻ*
*DEO : ഷീബ*